# കോഴിക്കോട് ജില്ലയിൽ പടനിലം പാലം നിർമ്മാണത്തിന് സമീപന റോഡിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സാമൂഹ്യ ആഘാത പഠനം - അന്തിമ റിപ്പോർട്ട്




**തയ്യാറാക്കി സമർപ്പിക്കുന്നത്**

**കണ്ണൂർ**
**25.01.2020**

**ചെയർമാൻ**
**സാമൂഹ്യ ആഘാത പഠന യൂണിറ്റ്**
**(കയ്റോസ്-കണ്ണൂർ)**

## കോഴിക്കോട് ജില്ലയിൽ പടനിലം പാലം നിർമ്മാണത്തിന് സമീപന റോഡിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സാമൂഹ്യ ആഘാത പഠനം – അന്തിമ റിപ്പോർട്ട്

കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ പുന്നൂർ പുഴയ്ക്ക് കുറുകെ പഴയ പട നിലം പാലത്തിന് പകരമായി പുതിയ പടനിലം പാലവും സമീപന റോഡുകളും നിർമ്മിക്കുന്നതിനായി, കുന്ദമംഗലം, മടവൂർ വില്ലേജുകളിലെ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഭൂമി 2013 ലെ RFCTLARR Act.പ്രകാരം ഏറ്റെടുക്കുന്നതിനായി സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് ചുമതലപ്പെട്ട കയ്റോസ് കണ്ണൂർ, സാമൂഹ്യ ആഘാതങ്ങ ളെക്കുറിച്ച് വിശദമായ പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അന്തിമ രൂപം

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ, പുന്നൂർ പുഴയ്ക്ക് കുറുകെ, പട നിലം- നരിക്കുനി റോഡിൽ ഏകദേശം 1963 ൽ നിർമ്മിക്കപ്പെട്ടതാണ് പടനിലം പാലം. പഴയ കുന്ദമംഗലം നിയമസഭാമണ്ഡലത്തിൽപ്പെട്ട ഈ പാലം ഇപ്പോൾ കുന്ദമംഗലം, കൊടുവള്ളി നിയമസഭാമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. കരിങ്കൽ തൂണിൽ നിർമ്മിക്കപ്പെട്ട ഈ പാലത്തിന് 19.32 മീറ്റർ നീളമുള്ള മൂന്ന് തുല്യ ഇടയകലമാണ് ഉള്ളത്. ഈ പാലത്തിലൂടെ ഒരു വരി വാഹന ഗതാഗതത്തിന് മാത്രമാണ് സൗകര്യമുള്ളത്. അതി നാൽ തന്നെ മുൻ വർഷങ്ങളിലും ഇപ്പോഴും രാവിലെയും വൈകുന്നേരവും ഗൗരവതര ത്തിലുള്ള ഗതാഗത തടസ്സം ഉണ്ടാകാറുണ്ട്. വാഹനപ്പെരുപ്പത്തിന്റെയും ഇരുഭാഗത്തുമുള്ള സ്ഥാപനങ്ങളുടെ വർദ്ധനവും കാരണം ഏത് സമയത്തും ഇവിടെ ഗതാഗത കുരുക്ക് അനുഭവപ്പെടുന്നു. അതിനാൽ തന്നെ സാധാരണക്കാരുടെ ഏറെ വിലയേറിയ സമയം ഇവിടെ വൃഥാവിലാകുന്നു. ഈ ഗതാഗത കുരുക്ക് ശാശ്വതമായി പരിഹരിക്കണമെങ്കിൽ, നിലവിലുള്ള പഴയ പാലത്തിന് സമാന്തരമായി രണ്ട് വരി പാതയുടെ സൗകര്യമുള്ള പുതിയ ഒരു പാലം നിർമ്മിക്കപ്പെടണം. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയ സർക്കാർ 09.11.2011 ലെ ജി.ഒ (Rt) No 1540/2011/PWD ഉത്തരവ് പ്രകാരം ഇതിന് ഭരണാനുമതി നൽകുകയും ചെയ്തിരുന്നു.

ജില്ലയിലെ രണ്ട് ദേശീയ പാതകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പടനിലം പാലത്തിന്റെ അടി ഭാഗം, ശക്തമായ ഒഴുക്കിൽ മണ്ണ് നഷ്ടപ്പെട്ടതിനാൽ, തൂണിന്റെ അടിത്തറ തന്നെ കാണുന്ന അവസ്ഥയിലാണ്. പഴയ രീതിയിൽ കല്ല് കൊണ്ട് കെട്ടിയ തൂണിൽ കോൺക്രീറ്റ് ചെയ്ത ഈ പാലം ദേശീയ പാതയിൽ നിന്നും, കരിപ്പൂർ എയർപ്പോർട്ടിൽ നിന്നും വിവിധ വഴികളിലൂടെ കുന്ദമംഗലം പരിസരത്തെത്തി ഇതുവഴി നരിക്കുനി, ബാലുശ്ശേരി, പേരാമ്പ്ര, കൊയിലാണ്ടി, കണ്ണൂർ ഭാഗത്തേക്ക് പോകുന്നതിനായി യാത്ര ക്കാർ കൂടുതലായി ഈ പാതയെ ആശ്രയിക്കുന്നു. മടവൂർ, കിഴക്കോത്ത്, നരിക്കുനി,

കാക്കൂർ, നൻമണ്ട എന്നീ പ്രദേശങ്ങളിലെ പതിനായിരക്കണക്കിന് കുടുംബക്കാർ പുറം ലോകവുമായി ബന്ധപ്പെടുന്ന പ്രധാന റോഡിലാണ് ഈ പാലം. റോഡുകൾ കാലാനുസൃതമായി, വാഹനപ്പെരുപ്പത്തിന് അനുസൃതമായി നവീകരിക്കപ്പെട്ടെങ്കിലും പാലം ഒരു കുപ്പിക്കഴുത്ത് പോലെ സ്ഥിതി ചെയ്യുന്നു. അതിനാൽ തന്നെ റോഡ് നവീകരണത്തിന്റെ യഥാർത്ഥ ഗുണഫലം അനുഭവിക്കാൻ ഇവിടുത്തുകാർക്ക് കഴിയുന്നില്ല. പടനിലം- നരിക്കുനി റോഡിൽ 0.260 ൽ ആണ് ഈ പാലം.

പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ മൈസൂർഭരിച്ചിരുന്ന ടിപ്പു സുൽത്താൻ, ബ്രിട്ടീഷ് ആധിപത്യത്തിനെചതിരെ മലബാർ മേഖലയിലേക്ക് പട നയിച്ചപ്പോൾ, അദ്ദേഹത്തിന്റെ പടയാളികൾ തമ്പടിച്ചതിനാൽ പടനിലം എന്ന് പേര് ലഭിച്ച ഈ സ്ഥലം, ഇന്ന് വളരെയേറെ വികസിച്ച് കഴിഞ്ഞിരിക്കയാണ്. അതുകൊണ്ട് തന്നെ അമ്പത്താറോളം വർഷം പഴക്കമുള്ള നിലവിലുള്ള പടനിലം പാലത്തിന് പകരമായി പുതിയ പാലം വേണമെന്ന് നാട്ടുകാരുടെ ഏറെകാലത്തെ ആഗ്രഹമാണ്. പടനിലം- നരിക്കുനി റോഡ് ജില്ലയിലെ പ്രധാന റോഡുകളിൽ ഒന്നാണ്, അതിനാൽ തന്നെ നിലവിലുള്ള പഴയ പാലത്തിന്റെ ഇടത് ഭാഗത്ത് (പുഴയുടെ താഴ്ഭാഗത്ത്) പുതിയ ഒരു പാലം നിർമ്മിക്കുന്നതിനായി കുന്ദമംഗലം, മടവൂർ വില്ലേജുകളിലെ സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ഈ സ്ഥലം ഉപയോഗിച്ച് പടനിലം ഭാഗത്ത് 150 മീറ്റർ നീളത്തിലും മടവൂർ ഭാഗത്ത് 100 മീറ്റർ നീളത്തിലും സമീപന റോഡുകൾ നിർമ്മിച്ച് 26 മീറ്റർ നീളമുള്ള മൂന്ന് തുല്യ ഇടയകലമുള്ള, പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രി- കാസ്റ്റ് പോസ്റ്റിൽ ടെൻഷൻഡ് ഗിർഡർ സ്ഥാപിച്ച് ആർ. സി. സി സ്ലാബിൽ 7.50 മീറ്റർ വീതിയിലുള്ള പാലം നിർമ്മിക്കാനാണ് മരാമത്ത് വകുപ്പ് ഉദ്ദേശിക്കുന്നത്. കൂടാതെ ഈ പാലത്തിന്റെ ഒരു വശത്ത് 1.50 നടപ്പാതയും ഉണ്ടായിരിക്കും. ഇത്തരത്തിലുള്ള ഒരു പുതിയ പാലം നിർമ്മിക്കപ്പെടുന്നതോടെ ദിവസം മുഴുവൻ, വിദ്യാർത്ഥികളും, ഉദ്യോഗസ്ഥരും അടങ്ങുന്ന ഇവിടുത്തെ നാട്ടുകാർക്ക് സുഗമമായി യാത്ര ചെയ്യാൻ കഴിയുക എന്നത് ഏറ്റവും വലിയ അനുഗ്രഹമായിരിക്കും. ഗതാഗത കുരുക്ക് മൂലമുള്ള ഇന്ധന നഷ്ടവും, അന്തരീക്ഷ മലിനീകരണം ഒഴിവാക്കാനും സാധിക്കും.



നിലവിലുള്ള പടനിലം- നരിക്കുനി റോഡിൽ വലതുഭാഗത്തായി ആരാധനാലയങ്ങൾ ഉള്ളതിനാലും, ഇടത് ഭാഗത്ത് സാരമായ നാശനഷ്ടങ്ങൾ ഉണ്ടാകാനിടയില്ലാത്തതിനാലും റോഡിന്റെ ഇടതുഭാഗത്തായാണ് പുതിയ പാലം നിർമ്മിക്കപ്പെടുന്നത്. ഇവിടുത്തെ ഭൂരി ഭാഗം പേരും കർഷകരാണ്. അവർ കുന്ദമംഗലം, കോഴിക്കോട് പ്രദേശങ്ങളെ ആശ്രയി ക്കുന്നത് ഈ പാലം വഴിയാണ്. പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ മാർക്ക് ചെയ്തിരിക്കു ന്നത് വീടുകൾക്കോ, വലിയ നിർമ്മിതികൾക്കോ പ്രയാസമില്ലാതെ, ആവശ്യമായ സ്ഥലം മാത്രമാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. ഇത് നിർമ്മിക്കപ്പെടുന്നതോടെ ഈ പ്രദേശ ത്തിന്റെ പ്രാധാന്യം വർദ്ധിക്കുകയും, ഭൂമിയുടെ വില വർദ്ധിക്കുകയും സ്ഥലത്തിന്റെ പൊതുവായ വികസനം, വ്യവസായ വികസനം, കമേഴ്സ്യൽ/റസിഡൻഷ്യൽ കെട്ടിടങ്ങ ളുടെ നിർമ്മാണം എന്നിവയ്ക്ക് ഗതിവേഗം വർദ്ധിക്കുകയും മൊത്തത്തിൽ ഈ പ്രദേശ ത്തിന്റെ സാമ്പത്തിക വികസനം സാദ്ധ്യമാവുകയും ചെയ്യുന്നു.

## ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ വിവരം

പടനിലം- നരിക്കുനി റോഡിൽ പുന്നൂർ പുഴയ്ക്ക് കുറുകെ പണിത 56 വർഷത്തോളം പഴ ക്കമുള്ള ഇടുങ്ങിയ പടനിലം പാലം പുതുക്കി പണിയുന്നതിനും, അതിനായുള്ള സമീപന റോഡ് നിർമ്മാണത്തിനും ഏറ്റെടുക്കാനുദ്ദേശിക്കുന്ന പടനിലം ഭാഗത്ത്, കുന്ദമംഗലം അംശം ദേശത്തും , നരിക്കുനി ഭാഗത്ത് മടവൂർ അംശം ദേശത്തുള്ളതുമായ സ്വകാര്യ വ്യക്തികളുടെ കൈവശഭൂമി സംബന്ധിച്ച വിവരം താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടറിൽ) | അംശം | ദേശം |
|---|---|---|---|---|
| 1 | 50/1 B1 | 0.0081 | കുന്ദമംഗലം | കുന്ദമംഗലം |
| 2 | 50/ 1 A1 | 0.0769 | കുന്ദമംഗലം | കുന്ദമംഗലം |
| 3 | 13/4 | 0.0292 | മടവൂർ | മടവൂർ |
| 4 | 12/6 | 0.0185 | മടവൂർ | മടവൂർ |
| 5 | 12/5 | 0.0041 | മടവൂർ | മടവൂർ |

കുന്ദമംഗലം അംശം ദേശത്ത് 0.0850 ഹെക്ടറും, മട്ടന്നൂർ അംശം ദേശത്ത് 0.0518 ഹെക്ടർ സ്ഥലവും അടക്കം ആകെ 0.1368 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കപ്പെടേണ്ടിയി രിക്കുന്നത്.

## പകരം ഭൂമി ലഭ്യത

നേരത്തെ സൂചിപ്പിച്ചിരുന്നതു പോലെ ഏറെ പഴക്കമുള്ളതും ഒരു വരി മാത്രം വാഹനത്തിനു പോകാൻ കഴിയുന്നതുമായ ഇടുങ്ങിയ പഴയ പടനിലം പാലത്തിനു പകരമായി, സുഗമമായ യാത്രയ്ക്ക ഉതകുന്ന പുതിയ പാലത്തിനായാണല്ലോ ഭൂമി ഏറ്റെടുക്കുന്നത്, നിലവിലുള്ള പാലത്തിന്റെ കിഴക്ക് ഭാഗം (പുഴയുടെ മുകൾഭാഗം) ആരാധനാലയങ്ങൾ ഉള്ള സ്ഥലമാണ്. എന്നാൽ പാലത്തിന്റെ പടിഞ്ഞാറ് ഭാഗം(പുഴയുടെ താഴ്ഭാഗം) നിർമ്മിതികൾ ഒന്നുമില്ലാത്ത പറമ്പിന്റെ ഭാഗമാണ്, നിലവിലുള്ള പാലത്തിന്റെ സമീപത്ത് തന്നെ പുതിയ പാലം പണിയാൻ ഉദ്ദേശിക്കുന്നതു കൊണ്ട്, അതിന്റെ സമീപന റോഡുകൾ നിർമ്മിക്കാൻ ഏറെ അനുയോജ്യമായ സ്ഥലമാണ് ബന്ധപ്പെട്ട അധികാരികൾ കണ്ടുവെച്ചിരിക്കുന്നത്. അതിനാൽ തന്നെ പകരം ഭൂമി ലഭ്യത പരിഗണിക്കേണ്ടതില്ല.

## ഭൂമി ഏറ്റെടുക്കുന്നത് പൊതുആവശ്യത്തിനാണോ

പടനിലം പാലത്തിന് സമീപന റോഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുത്ത് തരണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത് പൊതുമരാമത്ത് വകുപ്പ് (നിരത്ത്) വിഭാഗമാണ്. പൊതുമരാമത്ത് വകുപ്പ കേരള  സർക്കാരിന്റെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന സർക്കാർ വകുപ്പാണ്. ജനാഭിലാഷത്തിനും താൽപ്പര്യത്തിനും അനുസൃതമായി കാലാകാലങ്ങളിൽ പുതിയ റോഡുകൾ നിർമ്മിക്കുന്നതും, പഴയതും പൊട്ടിപൊളിഞ്ഞതുമായവ നവീകരിക്കുന്നതും ഇതേ വകുപ്പ് തന്നെയാണ്. ഈ റോഡ് നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിരിക്കുന്നത് കേരള സർക്കാരിനു വേണ്ടി ഗവർണ്ണറാണ്. അതുപോലെ തന്നെ ഈ നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ ധനസഹായം ലഭിക്കുന്നത് സർക്കാരിന്റെ വാർഷിക ബജറ്റിൽ നിന്നാണ്. ഇതിനാവശ്യമായ മറ്റ് നടപടികൾ കൈക്കൊള്ളുന്നത് ജില്ലാ ഭരണാധികാരിയായ കളക്ടറാണ്. ഇതിനൊക്കെ പുറമെ പടനിലം പാലവും സമീപന റോഡ് നിർമ്മാണവും നാളിതു വരെയായി ഈ പ്രദേശത്തുകാർ അനുഭവിച്ചു വന്നിരുന്ന യാത്രാക്ലേകം പരിഹരിക്കുന്നതിനാണ്. അതിൽ നിന്നും ഈ ഭൂമി ഏറ്റെടുക്കൽ പൊതുആവശ്യത്തിന് തന്നെയാണെന്ന്  വ്യക്തമാകുന്നു.

## ഭൂമിയുടെ സ്വഭാവം



പടനിലം പാലം നിർമ്മാണത്തിനും സമീപന റോഡുകൾക്കുമായി പുന്നൂർ പുഴയുടെ ഇരുവശത്തുള്ള കുന്ദമംഗലം അംശം ദേശത്ത് 0.0850 ഹെക്ടർ സ്ഥലവും, മടവൂർ അംശം ദേശത്ത് 0.0518 ഹെക്ടർ സ്ഥലവുമാണ് ഏറ്റെടുക്കപ്പെടേണ്ടിയിരിക്കുന്നത്. ഇത് പുഴയുടെ ഇരുവശത്തുമാണെങ്കിലും തോട്ടം വിഭാഗത്തിൽപ്പെടുന്ന ഭൂമിയാണ്. കുന്ദമംഗലം ഭാഗത്ത് റോഡിന്റെ ഇടത് വശം ചേർന്ന് കിടക്കുന്നു. ഒരു വീട്ട് പറമ്പിന്റെ ഭാഗവും അതുപോലെതന്നെ ഒരൊഴിഞ്ഞ പറമ്പുമാണ്. മടവൂർ ഭാഗത്തും ഇതുപോലെ തന്നെയാണ്. അൽപ്പസ്വൽപ്പം തെങ്ങുകളും കവുങ്ങുകളും മറ്റ് കാട്ട് മരങ്ങളും പറമ്പിന്റെ അതിരായി കെട്ടിയ മതിലുകളുമല്ലാതെ മറ്റൊന്നും തന്നെയില്ല.



## ഭൂമിയുടെ ഉടമസ്ഥർ

ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന ഭൂമി ഉടമകളെ സംബന്ധിച്ച വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു. ഇത് കുന്ദമംഗലം, മടവൂർ അംശങ്ങളിൽപ്പെടുന്നു.

| ക്രമ നമ്പർ | പേര് | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | വളപ്പിൽ വീട് ഫൈസൽ (അസൈൻ ഹാജിയുടെ മകൻ), റംല, ആയിഷ, റുഖിയ, സൈനബ | 0.0081 |
| 2 | പീടികക്ക l അബ്ദുൾറസാഖ്, സക്കീർ ഹുസൈൻ, ആസിം | 0.0769 |
| 3 | ഫാത്തിമ (എൻ. പി മുഹമ്മദിന്റെ മകൾ) | 0.0292 |
| 4 | ആയിഷ (അബ്ദുറഹ്മാന്റെ ഭാര്യ), ഷിജിന (നൗഷാദിന്റെ ഭാര്യ), ഫാത്തിമ (അസൈൻ കുട്ടിയുടെ ഭാര്യ) | 0.0185 |
| 5 | ഡോ.എ. എൻ സഹദേവൻ | 0.0041 |
| **ആകെ** | | **0.1368** |

## കൃഷികൾ



നേരത്തെ വ്യക്തമാക്കിയതുപോലെ പഴയ പടനിലം പാലത്തിന്റെ, കുന്ദമംഗലം-മടവൂർ റൂട്ടിൽ ഇടത് ഭാഗത്തും പുന്നൂർ പുഴയുടെ ഇരു കരകളിലുമായിട്ടാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സ്ഥിതി ചെയ്യുന്നത്. നിലവിലുള്ള റോഡിൽ നിന്നും അൽപ്പം താഴ്ന്നു കിടക്കുന്ന ഈ ഭൂമിയിൽ കുന്ദമംഗലം ഭാഗത്തുള്ള പറമ്പിൽ തെങ്ങുകളും കഴുങ്ങുകളും പാഴ്ച്ചെടികളുമാണുള്ളത്. അതുപോലെ പുഴയുടെ മടവൂർ ഭാഗത്ത് ഒരു വീട്ടു പറമ്പിന്റെ ഭാഗവും മറ്റൊരു പറമ്പുമാണ്. ഇവിടെയും അങ്ങിങ്ങായി തെങ്ങുകളും കവുങ്ങുകളുമാണുള്ളത്. ഇത് കൃഷി ഭൂമിയല്ല. വീട്ട് പറമ്പിന്റെ ഭാഗമാണ്.



## സ്ഥാപനങ്ങൾ

ഏറ്റെടുക്കാനുദ്ദേകിക്കുന്ന സ്ഥലത്ത് യാതൊരു സ്ഥാപനങ്ങളുമില്ല. എന്നാൽ കുന്ദമംഗലം ഭാഗത്ത് ഗ്ലാസ് ആർട്ട് കടയുടെ മുൻപിലായും, മടവൂർ ഭാഗത്ത് ഒരു ക്ലിനിക്കിന്റെ മുന്നിലുമായയാണ് അടയാളം വരുന്നത്.

## സാമൂഹ്യ ആഘാത പഠന യൂണിറ്റിന്റെ ഘടന

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ കുന്ദമംഗലം അംശം ദേശത്തിൽപ്പെട്ട 0.0850 ഹെക്ടർ സ്ഥലവും മടവൂർ വില്ലേജിലെ മടവൂർ ദേശത്തിൽപ്പെട്ട 0.518 ഹെക്ടർ സ്ഥലവും അടക്കം 0.1368 ഹെക്ടർ സ്ഥലം പടനിലം പാലവും സമീപന റോഡുകളും നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കേ തിലേക്ക് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി സാഹൂഹ്യ ആഘാതങ്ങളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കണ്ണൂർ ബർണ്ണശ്ശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന Track A NGO ആയ കയ്റോസ് (Kannur Association for Integrated Rural Organization and Support) 15.10.2019 ലെ DCKKD

13796/2018/ബി4 നമ്പർ നടപടി ക്രമപ്രകാരം കോഴിക്കോട് ജില്ലാ കളക്ടറർ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം 14.10.2019 ലെ 2419-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടു ്. പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | ശ്രീ. ഷൈജു പീറ്റർ (സോഷ്യോളജിസ്റ്റ്) | ചെയർമാൻ |
| 2 | ശ്രീ.കെ വി ചന്ദ്രൻ (റിട്ട.ഫിഷറി ഡവ. ഓഫീസർ) | അംഗം |
| 3 | ശ്രമതി. ജെസി റെജി (ഡി. റ്റി. പി ഓപ്പറേറ്റർ) | അംഗം |
| 4 | ശ്രീ. വിനോദ് | ഓഫീസ് അസിസ്റ്റന്റ് |

**പഠനോപാധികൾ**

കോഴിക്കോട് താലൂക്കിലെ കുന്ദമംഗലം, മടവൂർ അംശങ്ങളെ ബന്ധിപ്പിക്കുന്നതിന് പുന്നൂർ പുഴയ്ക്ക് കുറുകെ ഏകദേശം 56 വർഷങ്ങൾക്ക് മുൻപ് നിർമ്മിക്കപ്പെട്ടതും വാഹനങ്ങൾ ഒരു വരിയായി മാത്രം പോകുവാൻ സൗകര്യമുള്ളതും, ബലക്ഷയം സംഭവിച്ചതുമായ പടനിലം പാലത്തിനു പകരമായി പുതിയ ഒരു പാലം നിർമ്മിക്കുന്നതിന് കുന്ദമംഗലം ദേശത്തിലെ 50/1 ബി1, 50/1 എ1, എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 0.0850 സ്ഥലവും മടവൂർ അംശത്തിൽപ്പെട്ട 13/4, 12/6, 12/5 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 0.0518 സ്ഥലവും ഉൾപ്പെടെ 0.1368 സ്ഥലമാണ് ഏറ്റെടുക്കപ്പെടേണ്ടിയിരിക്കുന്നത്. ഇവിടെ പ്രധാനമായും Beneficiary Assesment, Participatory Observation, Semt-structural Interview, Focus group meeting തുടങ്ങിയ ഉപാധികളാണ് സാമൂഹ്യ ആഘാത പഠനത്തിനായി ഉപയോഗിച്ചിട്ടുള്ളത്.



**പൊതു അവകാശവാദം കേൾക്കൽ**

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ കുന്ദമംഗലം,മടവൂർവില്ലേജുകളിൽപ്പെട്ട 0.1368 ഹെക്ടർ സ്ഥലം പട നിലംപാലംനിർമ്മാണത്തിനുള്ളസമീപനറോഡുകൾക്കായി

ഭൂമി ഏറ്റെടുക്കലിനോടനുബന്ധിച്ച് സാമൂഹ്യ ആഘാത പഠനത്തിനുള്ള പൊതു കേൾക്കൽ യോഗം 07.12.2019 ന് ഉച്ചയ്ക്ക് 2 മണിക്ക് ആരാംബ്രം സാസ്ക്കാരനിലയത്തിൽ വെച്ച് ചേർന്നു.

സാമൂഹ്യ ആഘാത പഠന യൂണിറ്റ് അംഗം ശ്രീ. കെ.വി ചന്ദ്രൻ യോഗത്തിൽ സ്വാഗതം ആശംസിച്ച് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ചും പുഴയുടെ ഇരുവശത്തുമുള്ള സ്ഥലത്തെ ഭൂമി ഏറ്റെടുക്കുന്നതിനെക്കുറിച്ചും വിശദീകരിച്ചു.

പൂനൂർ പുഴയ്ക്ക് കുറുകെയായി പടനിലം- നരിക്കുനി റോഡിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതാണ് പടനിലം പാലം. പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേ ി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന്റെ ഭാഗമായി നടന്ന യോഗത്തിന്റെ ഹാജരും ഉയർന്നു വന്ന നിർദ്ദേശങ്ങളും പരാതികളും അതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിന്റെ) നൽകിയ അഭിപ്രായങ്ങളും താഴെ കൊടുക്കുന്നു.

**<u>നിർദ്ദേശം-1</u>**

ഡോ.എ സഹദേവൻ - റോഡിന്റെ തൊട്ടടുത്തു വരെ എന്റെ സ്ഥലമാണ്. താഴ്ന്ന നിലം മണ്ണിട്ട് നികത്തി റോഡിന് സമമാക്കി. ഞാൻ കൃത്യമായി നികുതി അടച്ചു വരുന്ന സ്ഥലമാണെങ്കിലും പുറമ്പോക്കാണ് എന്ന് പി. ഡബ്ല്യു. ഡി പറയുന്നു. എന്റെ പ്ലോട്ടിലുള്ള മരത്തിന് നമ്പരിട്ടിരിക്കുന്നു. ഇത് ശരിയല്ല. മടവൂർ പഞ്ചായത്തിൽ കഴിഞ്ഞ 30 വർഷമായി പ്രവർത്തിച്ചു വരുന്ന എന്റെ ക്ലിനിക്കിനെ ഈ ഭാഗത്തെ ജനങ്ങൾ ഇരുപത്തിനാല് മണിക്കൂറും ആശ്രയിക്കുന്നു. ഭാവിയിൽ പാലവും, സമീപനറോഡും വരുമ്പോൾ പാർക്കിംഗ് സൗകര്യം തീരെ ഇല്ലാതാവുന്നു. ഇത് പരിഹരിക്കണം.

**<u>അഭിപ്രായം</u>**

പ്രസ്തുത സ്ഥലം പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന് കീഴിലാണ്. അതുകൊ ാണ് ആ സ്ഥലത്തെ മരത്തിന് നമ്പർ ഇട്ടത്. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലത്തിന്റെ അപ്രോച്ച് റോഡ് മേൽപറഞ്ഞ വ്യക്തിയുടെ സ്ഥാപനത്തിന് മുന്നിലായി നിലവിലുള്ള പടനിലം- നരിക്കുനി പൊതുമരാമത്ത് റോഡിൽ ചെന്ന് ചേരുകയാണ്. പാർക്കിങ് സൗകര്യം പൊതുമരാമത്ത് വക റോഡിൽ തന്നെ വേണമെന്ന നിർദ്ദേശം പ്രായോഗികമല്ല.

**<u>നിർദ്ദേശം-2</u>**

ഷരീഫ്-(സൈനബ, റുഖിയ, ആയിഷ, റംല ഇവർക്ക് വേ ി സൈനബയുടെ മകൻ) ഞങ്ങളുടെ സ്ഥലം ഏറ്റെടുക്കാതെ തന്നെ ഇവിടെ റോഡിന് ആവശ്യമായ ഭൂമിയു ്. പാലത്തിന്റെ മുകൾ ഭാഗത്ത് (ആരാംബ്രം-പടനിലം ഇടത്തുഭാഗം) നിലവിൽ തന്നെ സർക്കാർ ഭൂമി ലഭ്യമാണ്. നാല് പേരുടെ ഉടമസ്ഥതയിലാണ് ഈ ഭൂമി ഉള്ളത്. ഇത് പൈതൃക സ്വത്തായതിനാൽ പ്രായമുള്ള ഉടമകൾക്ക് ഈ ഭൂമിയോട് വൈകാരിക ബന്ധ

മു ്. ഓരോരാൾക്കും 5 സെന്റ് സ്ഥലമാണുള്ളത്. ഏറ്റെടുക്കുകയാണെങ്കിൽ മുഴുവൻ സ്ഥലവും ഏറ്റെടുക്കണം. അടയാളപ്പെടുത്തിയതനുസരിച്ചാണ് എടുക്കുന്നതെങ്കിൽ അല്പം സ്ഥലം ഉപയോഗശൂന്യമാകും.

**അഭിപ്രായം**

നിലവിലുള്ള പടനിലം പാലത്തിൽ നിന്നും 5 മീറ്റർ അകലെയായി ഇടത് ഭാഗത്താണ് പുതിയ പാലം നിർമ്മിക്കുന്നത്. ആയതിനാൽ പരാതിക്കാരുടെ ഭാഗത്തെ ഭൂമിയാണ് അപ്രോച്ച് റോഡിന് ആവശ്യമുള്ളത്. ഇവരുടെ ഭൂമിയുടെ റോഡിനോട് ചേർന്ന കുറച്ച് ഭാഗം മാത്രമേ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി ഏറ്റെടുക്കേ തുള്ളു.

**നിർദ്ദേശം-3**

ആയിഷയ്ക്ക് വേ ി അബ്ദുറഹിമാൻ- എന്റെ 5 സെന്റ് സ്ഥലമാണ് എടുക്കാൻ ഉദ്ദേശി ക്കുന്നത്.അളന്ന് കഴിഞ്ഞപ്പോൾ 4 സെന്റ് മാത്രമേ ഉള്ളൂ.നിലവിലുള്ള പാലം പൊളി ക്കാതെ പുതിയ പാലം നിർമ്മിക്കുമ്പേ ാൾ ഒരു വശത്തെ സ്ഥലം മാത്രമാണ് ഏറ്റെടുക്ക പ്പെടുന്നത്. സാധാരണ റോഡ് നിർമ്മാണത്തിന് ഇരു വശത്തെയും സ്ഥലം തുല്യമായ ണല്ലോ എടുക്കാറുള്ളത്. ഇപ്പോഴുള്ള പാലം പൊളിച്ച് അതേ സ്ഥലത്ത് പുതിയ പാലം നിർമ്മിക്കാനുള്ളതേ ഉള്ളൂ. നിലവിലുള്ള ഗതാഗതം പത്താം മൈൽ പ ാരക്കടവ് പാലം വഴിയും, കൊടുവള്ളിക്കടവ് പാലം വഴിയും തിരിച്ച് വിടാവുന്നതേയുള്ളൂ. സർക്കാരിന് സാമ്പത്തിക ലാഭവും ഞങ്ങൾക്ക് ഭൂമിയും നഷ്ടപ്പെടുന്നില്ല.

**അഭിപ്രായം**

നിലവിലുള്ള പാലം പൊളിച്ച് പുതിയതായി പാലം നിർമ്മിക്കാനല്ല ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. നിലവിലുള്ള പാലം നില നിർത്തി അതിന്റെ ഇടത് ഭാഗത്ത് കൂടി സമാന്തര മായി പുതിയ പാലം നിർമ്മിക്കുകയാണ്.

**നിർദ്ദേശം-4**

ഷിജിനയ്ക്ക് വേ ി പിതാവ് അബ്ദുൾ റഹിമാൻ- മാതാവിൽ നിന്ന് കിട്ടിയ 20 സെന്റ് സ്ഥലം മാത്രമേ ആകെയുള്ളൂ. വീടിന്റെ മുൻവശം അടക്കം 5 സെന്റോളം സ്ഥലം പോകു മെന്നാണ് അറിയുന്നത്. ഈ ഭൂമി പണയപ്പെടുത്തി സെന്റിന് 10 ലക്ഷം രൂപ മൂല്യം നിശ്ച യിച്ച് കെ. എസ്. എഫ്. ഇ യിൽ നിന്ന് വായ്പ എടുത്തിരുന്നു. 40 ലക്ഷത്തോളം രൂപ തിരിച്ചെടുക്കാൻ ബാക്കിയു ്. അതിനാൽ ന്യായമായ വില ലഭിക്കുകയാണെങ്കിൽ ഭൂമി വിട്ടു നൽകാൻ തയ്യാറാണ്. നിലവിൽ എന്റെ വീട്ടിലേക്ക് വലിയ വാഹനങ്ങൾ വരാനുള്ള സൗകര്യമു ്. തുടർന്നും ഈ സൗകര്യം ലഭിക്കണം .

**അഭിപ്രായം**

പുതിയ അപ്രോച്ച് റോഡിന് സമാന്തരമായി സർവ്വീസ് റോഡും നിർമ്മിക്കുന്നു ്. അതു കൊ ാണ് ആ ഭാഗത്ത് സ്ഥലം കൂടുതൽ ഏറ്റെടുക്കുന്നത്. അപ്രോച്ച് റോഡ് ഉയരത്തിൽ കൂടിയാണ് പോകുന്നത്. ആയതിനാൽ അതിൽ നിന്നും നേരിട്ട് വൂട്ടുകാർക്ക് വഴി നൽകാൻ പ്രയാസമാണ്. അതുകൊമ്ടാണ് സർവ്വീസ് റോഡ് താഴെ ഭാഗത്ത് കൂടി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

**നിർദ്ദേശം-5**

സക്കീർ ഹുസൈൻ (ഫാത്തിമ, ആസിം എന്നിവർക്ക് വേ ി)- പി. ഡബ്ല്യു. ഡി യിൽ നിന്ന് അനുമതി വാങ്ങി, മെയിൻ റോഡിൽ നിന്ന് പറമ്പിലേക്ക് ലോറി ഇറക്കുന്ന റോഡു ്. ഇത് കരിങ്കല്ല് കൊ ് സൈഡ് കെട്ടി ഉറപ്പിച്ചതാണ്. ഇത് പൊളിക്കപ്പെടുമ്പോൾ നിർമ്മാണത്തിന് ഉപയോഗിച്ച സാമഗ്രികൾ ഞങ്ങൾക്ക് തന്നെ വിട്ടു തരണം. നിലവിലുള്ള പാലം പൊളിച്ച് അതേ സ്ഥലത്ത് ഉ ാക്കുകയാണെങ്കിൽ ഇരുവശത്തും സർക്കാർ മുമ്പേ ഏറ്റെടുത്ത സ്ഥലം ഉപയോഗിക്കാവുന്നതാണ്. സർവ്വീസ് റോഡ് ഉ ാക്കിത്തരണം അല്ലെങ്കിൽ ലോറിക്ക് കടന്ന് പോകാനുള്ള റോഡ് ഉ ാക്കിത്തരണം. വെള്ളം കയറാൻ സാധ്യതയുള്ള സ്തലമായതിനാൽ ഡ്രെയിനേജ് കെട്ടിത്തരണം. ഫാത്തിമയുടെ മകനും ഞാനും പുതിയ വീട് ഉ ാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലമാണ്. പാരമ്പര്യമായി കിട്ടിയതും കുടുംബത്തിൽ നിന്ന് ഉയർന്ന വിലയ്ക്ക് വാങ്ങിയതുമാണ് എന്റെ സ്ഥലം. മാർക്കറ്റ് വിലയ്ക്ക് ഭൂമി വിട്ടു നൽകാൻ തയ്യാറാണ്. ഈ ഭൂമി മുഴുവൻ വളപ്പിൽ തറവാട്ടുകാരുടേതാണ്. ഇതുവരെ അന്യർക്ക് ഭൂമി വിറ്റിട്ടില്ല.

**അഭിപ്രായം**

സർവ്വീസ് റോഡും അതിനോട് കൂടി ഡ്രൈനേജും അപ്രോച്ച് റോഡിൽപെടുത്തി നിർമ്മിക്കുന്നതായിരിക്കും.

**നിർദ്ദേശം-6**

ആരിസ്(മരിച്ചുപോയ ഫാത്തിമയുടെ മകൻ)- 4 സെന്റോളം സ്ഥലം ഏറ്റെടുക്കപ്പെടും. ന്യായമായ വില ലഭിക്കണം.

**അഭിപ്രായം**

2014 ലെ നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമാണ് പ്രസ്തുത സ്ഥലവും ഏറ്റെടുക്കുന്നത്. പ്രസ്തുത നിയമത്തിൽ അനുശാസിക്കുന്ന വിധം പരമാവധി വില റവന്യൂ വകുപ്പിൽ നിന്നും കണക്കാക്കി നൽകുമെന്നാണ് അറിയുന്നത്.

**നിർദ്ദേശം-7**

റിയാസ് എടത്തിൽ-(മെമ്പർ) ഭൂമി വിട്ടു നൽകാൻ എല്ലാവരം തയ്യാറാണ്. ഭൂമി ഉടമ കൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകണം. വിട്ടുകൊടുക്കുന്നവർക്ക് യാതൊരു പ്രയാസവും ഉ ാകരുത്. പാലം നിലനിർത്തി പുതിയ പാലം നിർമ്മിക്കാം. പുറമ്പോക്ക് ഭൂമി കൃത്യമായി അളന്ന് തിട്ടപ്പെടുത്തി തരണം.

**പദ്ധതിയുടെ സാമൂഹ്യ ആഘാതങ്ങൾ**

1. **തൊഴിലിനുണ്ടാകുന്ന ആഘാതം -**

കുന്ദമംഗലം, മടവൂർ പഞ്ചായത്തുകളെ/ വില്ലേജുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പഴയ പടനിലം പാലത്തിന് പകരം പുതിയ പാലം നിർമ്മിക്കുന്നതിന് മേൽ സൂചിപ്പിച്ച വില്ലേജു കളിലെ 0.1368 ഹെക്ടർ സ്ഥലമാണല്ലോ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഈ ഭൂമി റോഡി നോട് ചേർന്ന് പുന്നൂർ പുഴയുടെ താഴെ പടിഞ്ഞാറ് ഭാഗത്തായാണ് സ്ഥിതി ചെയ്യുന്നത്. ഈ സ്ഥലങ്ങളിൽ രണ്ടെണ്ണം വീട്ടു പറമ്പിന്റെ ഭാഗവും , ബാക്കി രണ്ടെണ്ണം ഒഴിഞ്ഞുകിട ക്കുന്ന പറമ്പിന്റെ ഭാഗവുമാണ്. മൊത്തത്തിൽ ഈ സ്ഥലത്ത് 32 തെങ്ങുകളും 39 കഴു ങ്ങുകളും, രണ്ട് തേക്കും, അമ്പതിലധികം വാഴകളും, 18 പടുമരങ്ങളുമാണ്. ഇതിനെ മാത്രം ആശ്രയിച്ച് ആരും തൊഴിലിൽ ഏർപ്പെട്ടിട്ടില്ല എന്ന് അറിയാൻ കഴിഞ്ഞു. അതി നാൽ തന്നെ ഈ സ്ഥലം ഏറ്റെടുക്കുന്നതു കൊണ്ട് തൊഴിലിന് ആഘാതമുണ്ടാകുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു

2. **വരുമാനത്തിനുള്ള ആഘാതം**

മുകളിൽ വ്യക്തമാക്കിയതുപോലെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ആകെയുള്ള ഫലവൃക്ഷങ്ങളിൽ 32 തെങ്ങുകളും 39 കവുങ്ങുകളും, രണ്ട് തേക്കും, അമ്പതിലധികം വാഴകളും, 18 പടുമരങ്ങളുമാണുള്ളത്. ഇത് പല ഉടമകളുടെ അധീനതയിലാണ്. ഇതിൽ നിന്ന് ലഭിക്കുന്ന ആദായം തുലോം തുച്ഛമാണ്. മാത്രവുമല്ല ഈ ഭൂ ഉടമകൾ പൊതുവെ നല്ല നിലയിൽ ജീവിക്കുന്നവരാണ്. അതിനാൽ തന്നെ ഈ ഭൂമിയിലെ ഫവവൃക്ഷങ്ങളിൽ നിന്നുള്ള വരുമാന നഷ്ടം ഇവരെ സാരമായി ബാധിക്കുന്നില്ല. അതുപോലെ തന്നെ കുന്ദ മംഗലം ഭാഗത്തെ ഗ്ലാസ് കടയുടെയോ, മടവൂർ ഭാഗത്തെ ക്ലിനിക്കിന്റെയോ പ്രവർത്ത നത്തെ ഈ ഭൂമി ഏറ്റെടുക്കൽ സാരമായി ബാധിക്കുന്നില്ല. അതിനാൽ ഈ സ്ഥലം ഏറ്റെ ടുപ്പ് വരുമാനത്തിന് ആഘാതമുണ്ടാക്കുന്നില്ല.

## 3.പാരിസ്ഥിതിക ആഘാതം

നേരത്തെ വ്യക്തമാക്കിയതു പോലെ സ്ഥലം ഏറ്റെടുക്കുന്നത് പുന്നൂർ പുഴയ്ക്ക് ഇരുവശ വുമായിട്ടാണ്. ഏറ്റെടുക്കുന്ന സ്ഥലം പുഴയോരത്താണെങ്കിലും അത് തോട്ടം വിഭാഗത്തി ലാണ് പെടുന്നത്. അൽപ്പം കാട്ട് മരങ്ങളും, തെങ്ങും, കവുങ്ങും വാഴകളും മാത്രമാണ് ഇവിടെയുള്ളത്. ഇത് ചതുപ്പ് പ്രദേശമോ, കണ്ടൽകാടുകളോ, മത്സ്യത്തിന്റെ പ്രജനന കേന്ദ്രമോ ഒന്നുമല്ല. അതിനാൽ തന്നെ ഈ സ്ഥലം ഏറ്റെടുക്കൽ പരിസ്ഥിതിയെ സ്വാധി നിക്കുന്നില്ല എന്ന് വ്യക്തമാക്കുന്നു.

## പൊതു ഇടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന ആഘാതം

ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് പൊതു ഇടങ്ങളോ, സ്ഥാപനങ്ങളോ ഒന്നും തന്നെ ഇല്ല എന്നറിയിക്കുന്നു.

കുന്ദമംഗലം, മടവൂർ പഞ്ചായത്തുകളെ/വില്ലേജുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും, പുന്നൂർ പുഴയ്ക്ക് കുറുകെ, ഏകദേശം 56 വർഷങ്ങൾക്ക് മുൻപായി നിർമ്മിച്ചതും, നില വിലുള്ളതും വർദ്ധിച്ചുവരുന്നതുമായ ഗതാഗതത്തിന് അനുയോജ്യമല്ലാത്തതും ബല ക്ഷയം സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ പടനിലം പാലത്തിനു പകരമായി പുതിയ പട നിലം പാലവും സമീപന റോഡുകളും നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതു കൊണ്ടും തൊഴിലിനോ, വരുമാനത്തിനോ, പരിസ്ഥിതിക്കോ, പൊതുഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ യാതൊരു തരത്തിലുള്ള ആഘാതവും ഉണ്ടാകുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

ചെയർമാൻ 25.01.2020

സാമൂഹ്യ ആഘാത പഠന യൂണിറ്റ്
(കയ്റോസ്-കണ്ണൂർ)